**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902</u>** **<u>10-08-2023 - ൽ മറുപടിയ്ക്ക്</u>**

**<u>എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പുതിയ എത്ര പ്രവൃത്തികളുടെ പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ, ചിറയിൻകീഴ് ബ്ലോക്ക് പരിധിയിൽ, എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി രണ്ട് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പാറയിൽ കോളനി റോഡ് കോൺക്രീറ്റിംഗ് (380 മീറ്റർ)<br>2. ഊരുപൊയ്ക ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റിംഗ് & ഗേറ്റ് (2200 മീറ്റർ) |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന മുറക്ക് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ